(സി) അദ്ധ്യാപന പരിശീലന കോഴ്സുകളായ ടി.ടി.സി., ബി.എഡ് എന്നിവയ്ക്ക് പ്രവേശന പരീക്ഷ ഏർപ്പെടുത്തുമോ;

(ഡി) പ്രസ്തുത കോഴ്സുകളുടെ നിലവാരമുയർത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്കൂൾ അദ്ധ്യാപക നിയമനത്തിന് യോഗ്യതാനിർണ്ണയ പരീക്ഷ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ ഇക്കാര്യത്തിൽ പഠനം നടത്തിവരികയാണ്.

(ബി) ശിശുകേന്ദ്രീകൃതവും പ്രവർത്തനോന്മുഖവുമായ പുതിയ പാഠ്യ പദ്ധതി, ബോധനരീതി എന്നിവയിൽ അന്തർഭവിച്ചിട്ടുള്ള സമീപനത്തിൽ ഊന്നി നിന്നുകൊണ്ട് അദ്ധ്യാപകർക്ക് സാർവ്വത്രികമായ പരിശീലനം ഡയറ്റുകൾ വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) പരിശോധിച്ചുവരികയാണ്.

(ഡി) നിലവാരം ഉയർത്തുന്നതിനായി കരിക്കുലം പരിഷ്കരിച്ചു കഴിഞ്ഞു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

14 (158) വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പരിഷ്ക്കാരങ്ങൾമൂലം സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം നിലവിലുണ്ടായിരുന്നതിനെക്കാൾ ഉയർത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) പുതിയ പരിഷ്ക്കാരങ്ങൾമൂലം സർക്കാർ പ്രതീക്ഷിച്ച നേട്ടം വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി ഒട്ടനവധി പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ. കെ. ഗോപാലൻ ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.

2. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.

3. ഡി.പി.ഇ.പി. ആറ് ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. പുതിയ പാഠ്യപദ്ധതിയനുസരിച്ച് പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. കൂടാതെ എല്ലാ ജില്ലകളിലെയും 5-10 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ട്രെയിനിംഗ് നൽകി.

5. വിവിധ ജില്ലകളിൽ വിവിധ വിഷയങ്ങൾക്കും ഭാഷകൾക്കും പ്രത്യേക അദ്ധ്യാപക പരിശീലനം ഏർപ്പെടുത്തി.

6. പ്രൈമറി സ്കൂളുകളുടെ നടത്തിപ്പും മേൽനോട്ടവും ഗ്രാമപഞ്ചായത്തുകളെയും ഹൈസ്കൂളുകളുടെ മേൽനോട്ടവും ഉത്തരവാദിത്വവും ജില്ലാ പഞ്ചായത്തുകളേയും എൽപ്പിക്കുക വഴി അധികാര വികേന്ദ്രീകരണം നടപ്പിൽ വരുത്തി.

7. ടി.ടി.ഐ. കോഴ്സുകൾ പുനരാരംഭിച്ചു.

8. പഠനവൈകല്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പദ്ധതി ആവിഷ്കരിച്ചു.

9. മന്ദബുദ്ധികളായ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം കൊടുക്കുവാൻ വേണ്ട നിയമാവലി സർക്കാർ അംഗീകരിച്ചു.

10. പ്രീ-പ്രൈമറി സ്ഥാപനങ്ങളെ ക്രമീകരിക്കുന്നതിനും ശാസ്ത്രീയമായി പുനഃ സംവിധാനം ചെയ്യുന്നതിനും പ്രേരിപ്പിക്കാൻ സർക്കാരിന് അധികാരം നൽകുന്ന ശിശു സംരക്ഷണ വിദ്യാഭ്യാസ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു.

11. വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാവുന്ന കുറവുകാരണം ജോലി നഷ്ടപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിലനിർത്താനായി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:40 ആയി പുനഃക്രമീകരിച്ചു.

12. കോളേജുകളിൽനിന്ന് ഘട്ടംഘട്ടമായി പ്രീഡിഗ്രി വേർപെടുത്തി ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നടപ്പിലാക്കി.

13. സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എസ്.സി.ഇ.ആർ.ടി. യുടെ ഭാഗമായി പ്രവർത്തിച്ചുതുടങ്ങാനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടു.

14. വിദ്യാഭ്യാസത്തിലൂടെ കരുത്താർജ്ജിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി കേന്ദ്ര ഗവൺമെന്റ് സാമ്പത്തികസഹായത്തോടെ നടപ്പിലാക്കുന്ന 'മഹിളാ സമാഖ്യ' പദ്ധതി തിരുവനന്തപുരം ഇടുക്കി ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചു.

15. സാക്ഷരതായജ്ഞത്തിന്റെ വിജയത്തിനുശേഷം തുടർ വിദ്യാഭ്യാസത്തിലൂടെ വ്യക്തികളുടെ ശേഷികൾ വർദ്ധിപ്പിക്കാനും ജീവിത നിലവാരം ഉയർത്താനും സാക്ഷരതയെ വികസന വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനും ഉതകുന്ന തുടർവിദ്യാഭ്യാസ പരിപാടി വിജയകരമായി നടപ്പിലാക്കി വരുന്നു.

(ബി)&(സി) വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പിലാക്കിയതുമൂലം വിദ്യാഭ്യാസനിലവാരത്തിൽ ക്രമാനുഗതമായ പുരോഗതി ഉള്ളതായി കാണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly